പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 18.07.2016-ൽ മറുപടിക്ക്

ചോദ്യം നമ്പർ: **2253**

## ഭവനരഹിതർക്കുവേണ്ടി പുതിയ പാർപ്പിട പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭവനരഹിതരുടെ ആകെ കണക്ക് വെളിപ്പെടുത്താമോ; | (എ) | ഭവന നിർമ്മാണ വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 4,72,000 ഭവന രഹിതരുണ്ടെന്ന് കണക്കാക്കപ്പെടുന്നു. |
| (ബി) | ഭവനരഹിതർക്കുവേണ്ടി പുതിയ പാർപ്പിട പദ്ധതിയ്ക്ക് രൂപം നൽകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | <u>എല്ലാവർക്കും വീട് പദ്ധതി.</u><br>സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭൂരഹിതരായ ബി.പി.എൽ വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22,000 വീടുകളും അനുവദിക്കുന്ന "എല്ലാവർക്കും വീട്" പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി 2 സെന്റ് ഭൂമി സ്വന്തമായുള്ള ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് 7000 വീടുകൾ നിർമ്മിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഭവന നിർമ്മാണ ബോർഡു മുഖേനയാണ് നടപ്പിലാക്കുന്നത്. |

Subhe.S

സെക്ഷൻ ഓഫീസർ